മീതൈൽ ആൾക്കഹോൾ

75 (T 473) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീതൈൽ ആൾക്കഹോൾ കൊണ്ടുവരികയോ കൈവശം വയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനെ തടയുന്നതിനും ശിക്ഷിക്കുന്നതിനും ചട്ടങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് 1998,1999, 2000 എന്നീ വർഷങ്ങളിൽ എത്ര കേസ്സുകൾ എടുത്തു;

(സി) ഇതിൽ ശിക്ഷിച്ചതെത്ര;

(ഡി) ഈ കാലഘട്ടത്തിൽ ഇത് സംബന്ധിച്ച് കേസ്സൊന്നും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) മീതൈൽ ആൾക്കഹോൾ സംബന്ധിച്ച ചട്ടങ്ങൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നു മുതൽ; ഈ സ്റ്റേ ഒഴിവാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മീതൈൽ ആൾക്കഹോൾ വിൽപനയ്ക്കുവേണ്ടി കൈവശം വയ്ക്കുന്നത് നിയന്ത്രിക്കുന്നതിന് 1996-ലെ കേരള പോയ്സൺ ചട്ടങ്ങൾ നിലവിലുണ്ട്. എന്നാൽ കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ ഈ ചട്ടങ്ങൾ ഇപ്പോൾ നടപ്പാക്കപ്പെടുന്നില്ല.

(ബി) 1998, 1999, 2000 വർഷങ്ങളിൽ കേസ്സൊന്നും എടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി-എഫ്) ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ ഈ ചട്ടങ്ങൾ 8-10-1996 മുതൽ നടപ്പാക്കപ്പെടുന്നില്ല. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസ് ഹിയറിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

കള്ളുഷാപ്പുകൾ സഹകരണ സംഘങ്ങളെ ഏൽപിക്കുന്നതിനുള്ള നടപടി

76 (474) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകൾ 2001-2002 സാമ്പത്തിക വർഷത്തിൽ നടത്തുന്നതിന് സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

'T' മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly